# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1044 11.02.2016-ലെ മറുപടിക്ക്

## ഹയർസെക്കണ്ടറി വകുപ്പിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) ഹയർസെക്കണ്ടറി വകുപ്പിൽ ഹിസ്റ്ററി സീനിയർ, ജൂനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; | (എ) ഹയർസെക്കന്ററി വകുപ്പിൽ ഹിസ്റ്ററി സീനിയർ അദ്ധ്യാപകരുടെ 485 ഉം ജൂനിയർ അദ്ധ്യാപകരുടെ 95 ഉം തസ്തികകളാണ് നിലവിലുള്ളത് |
| (ബി) എത്ര അദ്ധ്യാപകർക്ക് ഹിസ്റ്ററി സീനിയർ അദ്ധ്യാപകരായി ബൈട്രാൻസ്ഫർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ട്; നിശ്ചിത ശതമാനത്തിൽ കൂടുതൽ അദ്ധ്യാപകർക്ക് ബൈട്രാൻസ്ഫർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) 48 പേർക്ക് ഹിസ്റ്ററി സീനിയർ അദ്ധ്യാപകരായി ബൈട്രാൻസ്ഫർ മുഖേന പ്രമോഷൻ നൽകിയിട്ടുണ്ട്. നിശ്ചിത ശതമാനത്തിൽ കൂടുതൽ ബൈട്രാൻസ്ഫർ പ്രമോഷൻ നൽകിയിട്ടില്ല. |
| (സി) എൽ.പി.എസ്.എ, യു.പി.എസ്.എ, എച്ച്.എസ്.എ വിഭാഗങ്ങളിൽ നിന്ന് ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ബൈട്രാൻസ്ഫർ നിയമനം നൽകിയ എത്ര അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കാതെയുണ്ട്; പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | (സി) 14 പേർ. തസ്തികമാറ്റ നിയമനത്തിനുവേണ്ടി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ് നിലവിൽ ഉള്ളതിനാൽ ടി ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതില്ല. |
| (ഡി) 02.04.2014-ന് നിലവിൽ വന്ന ഹിസ്റ്ററി സീനിയർ, ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്? | (ഡി) ഹിസ്റ്ററി സീനിയർ തസ്തികയിൽ 102 പേർക്കും ജൂനിയർ തസ്തികയിൽ 82 പേർക്കും നിയമനം നൽകിയിട്ടുണ്ട്. നിലവിൽ സീനിയർ തസ്തികയിൽ 40 ഉം ജൂനിയർ തസ്തികയിൽ 32 ഉം ഒഴിവുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ